നാട്ടിക മണ്ഡലത്തിലെ കൺസ്യൂമർഫെഡ് പാക്കിംഗ് യൂണിറ്റ്

101 (6552) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ കൺസ്യൂമർഫെഡ് പാക്കിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ ; ആയത് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കുമോ ;

(ബി) കൺസ്യൂമർഫെഡ് പാക്കിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണ് ലഭ്യമാക്കേണ്ടതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) നാട്ടിക നിയോജകമണ്ഡലത്തിൽ കൺസ്യൂമർ ഫെഡ് പാക്കിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ കൺസ്യൂമർ ഫെഡിന് പൊതുവിൽ പാക്കിംഗ് സെന്റർ ആരംഭിക്കുന്നതിന് പരിഗണിക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ താഴെപ്പറയുന്നവയാണ് :

1. നന്മസ്റ്റോറുകളിലേക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുള്ള വാഹനസൗകര്യം.
2. നന്മസ്റ്റോറുകളും പാക്കിംഗ് സെന്ററുമായുള്ള ദൂരപരിധി.
3. സാധനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ സൗകര്യം.

നന്മ സ്റ്റോറുകളിലെ സാധനങ്ങളുടെ സബ്സിഡിയും വിറ്റുവരവും

102 (6553) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തിൽ നന്മസ്റ്റോറുകളുടെ വിറ്റുവരവ് എത്രയാണ് ;

(ബി) നന്മസ്റ്റോറുകളിൽ ഏതെല്ലാം സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നത് ;

(സി) പൊതുവിപണിയിൽ നിന്നുള്ള വിലവ്യത്യാസം ഓരോന്നിനും എത്രയാണ് ; ഇവ ആവശ്യാനുസരണം ഉപഭോക്താവിന് ലഭിക്കുന്നില്ലായെന്നത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) 2013-14 സാമ്പത്തികവർഷത്തിൽ നന്മസ്റ്റോറുകളിലെ വിറ്റുവരവ് 138,76,24,000 (നൂറ്റിമുപ്പത്തിയെട്ട് കോടി എഴുപത്താറ് ലക്ഷത്തി ഇരുപത്തി നാലായിരം) രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly